**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318** **30-07-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | കുണ്ടറ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖാന്തിരം നടത്തിവരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് നൽകാമോ? | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവർ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെൻറ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നീ വിവരങ്ങൾ അനുബന്ധം 2-ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ

(1) എം.ജി.എൽ.പി.എസ്. പേരൂർ, പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം

(2) ആധുനിക മത്സ്യമാർക്കറ്റ്, കണ്ണനല്ലൂർ

(3) ജി.എച്ച്.എസ്. കേരളപുരം (കിഫ്ബി പദ്ധതി)

(4) ആലുമൂട് മത്സ്യ മാർക്കറ്റ് നിർമ്മാണം

(5) കുഫോസ്, കുറ കെട്ടിടം നിർമ്മാണം

**ടെ ണ്ടർ ചെയ്ത പ്രവൃത്തികൾ**

(1) ജി.എച്ച്.എസ്. കേരളപുരം (കിഫ്ബി പദ്ധതി)

(2) കുഫോസ്, കു ണ്ടറ കെട്ടിടം നിർമ്മാണം

**എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവർത്തികൾ**

(3) എം.ജി.എൽ.പി.എസ്. പേരൂർ, പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

### ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ.

| | | | |
|---|---|---|---|
| 1 | കുണ്ടറ ഗ്രാമപഞ്ചായത്തിലെ നെല്ലിവിള പള്ളിക്കമുക്ക് എൻ.എസ്സ്.എസ്സ് കരയോഗം പുതിയ വീട് തോട് റോഡ് | ഇഇകെഎൽഎം/2021/21 തീയതി 12/02/2021 38.60 ലക്ഷം | പഞ്ചായത്ത് മുഖേന പ്രവൃത്തി ഏർപ്പാടാക്കി. |

### ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ള പ്രവൃത്തികൾ.

| | | | |
|---|---|---|---|
| 1 | പെരുമ്പുഴ വെറ്റിനറി ഹോസ്പിറ്റിൽ ജംഗ്ഷൻ മുതൽ ഈച്ചാടിമുക്ക് വരെയുള്ള റോഡ് ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്. | ഇഇ/കെഎൽഎം/ 2021/1069 തീയതി 11.02.2021 175.9 ലക്ഷം | പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ആരും ദർഘാസ് സമർപ്പിക്കാത്തതിനാൽ റീടെണ്ടർ ചെയ്തിട്ടുണ്ട്. |
| 2 | ഇടപ്പൻതോട് റോഡ് കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്. | ഇഇ/കെഎൽഎം/ 2021/76 തീയതി 12.02.2021 36.20 ലക്ഷം | ദർഘാസ് പരിശോധന നടപടികൾ പുരോഗമിക്കുന്നു. |
| 3 | പാക്കിസ്ഥാൻമുക്ക് മുതൽ പാലമൂട് വരെയുള്ള റോഡ് നെടുമ്പന ഗ്രാമപഞ്ചായത്ത് | ഇഇ/കെഎൽഎം/ 2021/76 തീയതി 12.02.2021 58.90 ലക്ഷം | ദർഘാസ് പരിശോധന നടപടികൾ പുരോഗമിക്കുന്നു |

കരാറിൽ ഏർപ്പെട്ട പ്രവൃത്തികൾ.

| | | | |
|---|---|---|---|
| 1. | വെറ്ററിനറി ഹോസ്പിറ്റൽ ജംഗ്ഷൻ നന്ദിരിക്കൽ ചർച്ച് റോഡ് – റ്റി.എം.സി. ജംഗ്ഷൻ റോഡ് പെരിനാട് ഗ്രാമപഞ്ചായത്ത് | ജി ഒ (ആർ.റ്റി) നമ്പർ 517/2020/എഫ് & പി.ഡി തീയതി 17.09.2020<br>190 ലക്ഷം | കരാറിൽ ഏർപ്പെട്ടു |
| 2. | ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് മാടൻകാവ് മുതൽ തെങ്ങുവിള പള്ളി, കല്ലുവിള, പൈനമൂട് (കൊച്ചുവിള റെജിയുടെ വീട്ടുവരെയുള്ള റോഡ്) | ഇഇ/കെഎൽഎം/2021/69 തീയതി 12/02/2021<br>48.00 ലക്ഷം | കരാറിൽ ഏർപ്പെട്ടു |

## അനുബന്ധം 1

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | എം.വി.ജി.എൽ.പി. എസ്. പേരൂർ പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം | 289.99 | എഗ്രിമെന്റ് വച്ച് നിലവിലെ കെട്ടിടം പൊളിച്ചു മാറ്റേതുണ്ട് |
| 2 | പി.എസ്.സി., പേരയം പുതിയ കെട്ടിടം | 167.98 | പദ്ധതി പുരോഗമിക്കുന്നു |
| 3 | പെരിനാട് ആയൂർവ്വേദ ആശുപത്രി പുതിയ കെട്ടിടം | 198.00 | പദ്ധതി പുരോഗമിക്കുന്നു |
| 4 | ആധുനിക മത്സ്യ മാർക്കറ്റ് കണ്ണനല്ലൂർ | 502.00 | വർക്ക് ടെണ്ടർ ചെയ്തു വെങ്കിലും കോടതി കേസ് നിലനിൽക്കുന്നതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്തു |
| | | **കിഫ്ബി** | |
| 1. | ജി.യു.പി.എസ്. ഇളമ്പല്ലൂർ | 186.59 | പദ്ധതി പുരോഗമിക്കുന്നു |
| 2. | ജി.യു.പി.എസ്. പഴങ്ങാലം | 51.36 | പദ്ധതി പുരോഗമിക്കുന്നു |
| 3 | ജി.എച്ച്.എസ്സ്, കേരളപുരം | 210.92 | സെലക്ഷൻ നോട്ടീസ് അയച്ചു |
| 4 | ആലുംമൂട് മത്സ്യ മാർക്കറ്റ് | 148.89 | LSGD, LSGI, KIIFB എന്നിവർ ചേർന്ന് റവന്യൂ ഷെയറിംഗിനായി Tripartriate agreement-ൽ ഏർപ്പെടേതായിട്ടു്. ആയതിന്റെ ഡ്രാഫ്റ്റ് എഗ്രിമെന്റ് കിഫ്ബി തയ്യാറാക്കി വരുന്നു. കെ.എസ്.സി.എ.ഡി.സി.യുടെ ഭാഗത്തുനിന്നും പ്രവർത്തി ഏർപ്പാടാക്കുവാനായി നടപടി സ്വീകരിച്ചുവരുന്നു. |
| | | **വിദ്യാഭ്യാസ വകുപ്പിന്റെ ധനസഹായം** | |
| 1 | ജി.എച്ച്.എസ്സ്. കേരളപുരം | 100.00 | പദ്ധതി പുരോഗമിക്കുന്നു |
| | | **കുഫോസ് പദ്ധതി** | |
| 1 | കുഫോസ് കെട്ടിടം, കുണ്ടറ | 123.50 | പ്രവർത്തി റീടെണ്ടർ ചെയ്തു. |

## II സാഫ് വഴി നടപ്പാക്കുന്ന പദ്ധതികൾ

1. **അഷ്ടമുടി ഒന്നാം ഘട്ടം**

അഷ്ടമുടി ഒന്നാം ഘട്ട പദ്ധതി പ്രകാരം 2016-ൽ അഷ്ടമുടി കായലിന്റെ സമീപത്ത് പാർക്കുന്ന മത്സ്യതൊഴിലാളി വനിതകൾക്ക് വേണ്ടി ചെറുകിട തൊഴിൽ സംരഭങ്ങൾ (Development of Micro Enterprises Unit) ആരംഭിച്ചു. 2 മുതൽ 4 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 3 ലക്ഷം വരെ തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകിയിട്ടുണ്ട് മുടക്കുമുതലിന്റെ 80 % ഗ്രാന്റും 15 % ബാങ്ക് ലോണും 5% ഗുണഭോക്തൃവിഹിതവുമാണ്. കു ണ്ടറ മലത്തിന്റെ കീഴിൽ പേരയം., പെരിനാട്, കുണ്ടറ പഞ്ചായത്തുകളിലായി 8 സംരഭങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രൊവിഷൻ സ്റ്റോർ, ബേക്കറി യൂണിറ്റ്, ടെയിലറിംഗ് ആന്റ് ഗാർമെന്റ്സ് യൂണിറ്റ്, ഡേകെയർ യൂണിറ്റ്, ഫിഷ് പ്രൊസസിംഗ് യൂണിറ്റ് , കമ്പ്യൂട്ടർ സെന്റർ എന്നീ പ്രവർത്തനങ്ങൾ ഈ ഗ്രൂപ്പുകൾ മുഖേന ചെയ്തു വരുന്നു.

2. **അഷ്ടമുടി രണ്ടാം ഘട്ടം** –

അഷ്ടമുടി രണ്ടാം ഘട്ട പദ്ധതി പ്രകാരം കു ണ്ടറ നിയോജക മ ണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കൺസോർഷ്യം മാതൃകയിൽ അപ്പാരൽ പാർക്ക് ആരംഭിച്ചു. കു ണ്ടറ പഞ്ചായത്തിൽ കാഞ്ഞിരകോടിൽ ജില്ല മഹിള പവർലൂം ഇന്റസ്ട്രീയൽ വർക്ക് ഷോപ്പ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് അപ്പാരൽ പാർക്ക് പ്രവർത്തിക്കുന്നത്. ഇതു വഴി ഇവർക്ക് സുസ്ഥിരമായ വരുമാനം ഉറപ്പു വരുത്തുന്നു. ടി പദ്ധതിക്കായി 81 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട് ഈ അപ്പാരൽ പാർക്കിലൂടെ ഡൽഹി, ആഗ്രാ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും തുണിത്തരങ്ങൾ മൊത്തമായി വാങ്ങി ചുരിദാർ, നൈറ്റി മുതലയാവ wholesale distributor മുഖേന കേരളത്തിൽ എല്ലായിടത്തും വിറ്റഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## I. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

**1.എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപന ങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ**

**a. ടേം വായ്പകൾ**

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നട ത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരു ന്നു.

**b. മൈക്രോഫിനാൻസ് വായ്പ**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരി ക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിര ക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

**C. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകു ന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്ന ത്.

**2. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)**

മത്സ്യഫെഡ് മൈക്രോഫിനാൻസ്, മത്സ്യ വിപണന വനിതകൾക്കുള്ള പലിശ രഹിത വായ്പ (ഐ.എഫ്.എൽ) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പ ദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടു ക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക (മിനിമം 100/- രൂപ) വായ്പ യെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേതാണ്. മരണമട യുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

**3. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ്കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

നിലവിലുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 2500/-രൂപയും മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10000/- രൂപ (ഒരാളിന് അയ്യായിരം രൂപവീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

**4. ഫിഷ്മാർട്ട്, അന്തിപച്ച**

കു ണ്ടറ നിയോജക മണ്ഡലത്തിൽ കൊറ്റംകര ഗ്രാമ പഞ്ചായത്തിൽ കരിക്കോടിൽ മത്സ്യഫെഡ് ഫിഷ്മാർട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ കണ്ണനല്ലൂർ കേന്ദ്രീകരിച്ചും, കു ണ്ടറ ഗ്രാമ പഞ്ചായത്തിൽ പള്ളിമുക്ക് ഭാഗത്തും 2 അന്തിപച്ച സഞ്ചരിക്കുന്ന മത്സ്യവിൽപ്പനശാലകൾ പ്രവർത്തിക്കുന്നു.

**5. മത്സ്യത്തൊഴിലാളി ക്ഷേമനിധി**

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്ക്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവമൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും, ആശ്രിതരുടെയും മാരക രോഗങ്ങളുടെയും ചികിത്സക്കായും, പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം നൽകിവരുന്നു. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

1. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് അടിയന്തരാശ്വാസമായി 10,000/- രൂപ .

2. നിത്യ രോഗിയായി മാറിയിട്ടുള്ള തൊഴിലാളികൾക്ക് അവരുടെ ചികിത്സക്കായി 10,000/- രൂപ വരെ നൽകുന്നതാണ്.

3. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരസഹായമായി 10,000/- രൂപ വരെ നൽകുന്നതാണ്.

4. പ്രകൃതിദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് അടിയന്തര സഹായമായി പരമാവധി 10,000/- രൂപ വരെ നൽകുന്നതാണ്.

5. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്ത

സമ്മർദ്ദം, മസ്തിഷ്ക്കാഘാതം എന്നിവ മൂലം മരിച്ചാൽ അവ ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ആശ്വാസധനം നൽകുന്നതാണ്.

6.

## II. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് _വഴി നടപ്പാക്കുന്ന പദ്ധതികൾ

| | | | |
|---|---|---|---|
| കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>I. **ഇപ്പോൾ പുരോഗമിക്കുന്ന പ്രവൃത്തികൾ.**<br>**2018-19** | | | |
| 1 | 1. കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 10, 12, 13, 14 ൽ ഉൾപ്പെട്ട കേരളപുരം മുതൽ ചന്ദനത്തോപ്പ് വരെ റെയിൽവേ ലൈനിന് സമാന്തരമായുള്ള റോഡ് | ജി. ഒ (ആർ.റ്റി) നമ്പർ 49/2019/എഫ് & പി.ഡി തീയതി 23.01.2019<br>288 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. ജി.എസ്.ബി. ഫില്ലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | 2. കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 6, 7, 8, 10 ൽ ഉൾപ്പെട്ട ഇളമ്പള്ളൂർ മുതൽ കേരളപുരം വരെ റെയിൽവേ ലൈനിന് സമാന്തരമായുള്ള റോഡ് | ജി. ഒ (ആർ.റ്റി) നമ്പർ 42/2019/എഫ് & പി.ഡി തീയതി 22.01.2019<br>329 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. ജി.എസ്.ബി. ഫില്ലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. |
| **2019-20** | | | |
| 3 | 3. കൊറ്റങ്കര പഞ്ചായത്തിലെ കുറ്റിച്ചിറ ജംഗ്ഷൻ മുതൽ മംഗലത്ത്നട വരെയുള്ള റോഡ് | ജി. ഒ (ആർ.റ്റി) നമ്പർ 483/2019/എഫ് & പി.ഡി തീയതി 02.07.2019<br>188 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു ഡ്രെയിനിന്റേയും കൾവർട്ടിന്റേയും പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | മാമൂട് ചുഴവാഞ്ചിറ മുതൽ ഇടവട്ടം എൽ.പി.എസ്. വരെയുള്ള റോഡ് | ജി. ഒ (ആർ.റ്റി) നമ്പർ 741/2019/എഫ് & പി.ഡി തീയതി 11.10.2019<br>128.5 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു ഡ്രെയിൻ പ്രവൃത്തി പുരോഗമിക്കുന്നു നിലവിൽ മഴമൂലം പ്രവൃത്തി നിർത്തിവച്ചിരിക്കുന്നു. |
| 5 | എൻ.എസ്.നഗർ കടത്തുകടവ് – പുതുച്ചേരിവിള ഈശോനാമം – കടത്തുകടവ് വട്ടത്തറ ജംഗ്ഷൻ റോഡ് | ജി. ഒ (ആർ.റ്റി) നമ്പർ 868/2019/എഫ് & പി.ഡി തീയതി 21.11.2019<br>139.6 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു ബൈറോഡ് പ്രവൃത്തി പൂർത്തീകരിച്ചു. മെയിൻ റോഡിന്റേയും റീടെയ്നിംഗ് വാളിന്റേയും ഫില്ലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | സ്വാമിക്കടയിൽ മഞ്ചാടിമൂല | ജി. ഒ (ആർ.റ്റി) നമ്പർ | പ്രവൃത്തി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| | കടത്തുകടവ് റോഡ് | 952/2019/എഫ് & പി.ഡി തീയതി 11.12,2019 139.65 ലക്ഷം | കരാറിലേർപ്പെട്ട് ഇനിഷ്യൽ ലെവൽ എടുത്തു. |
| 7 | ഓണമ്പലംകാട്ടു ചെക്കാംകുഴി കടത്തുകടവ് റോഡ് | ജി. ഒ (ആർ.റ്റി) നമ്പർ 952/2019/എഫ് & പി.ഡി തീയതി 11.12,2019 38.9 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു കരാറിലേർപ്പെട്ട് ഇനിഷ്യൽ ലെവൽ എടുത്തു. |
| 8 | ബ്രൂണോ ബർണാഡ് ജംഗ്ഷൻ - പുളിച്ചാനി കായൽവാരം റോഡ് | ജി. ഒ (ആർ.റ്റി) നമ്പർ 952/2019/എഫ് & പി.ഡി തീയതി 11.12,2019 120.6 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു കരാറിലേർപ്പെട്ട് ഇനിഷ്യൽ ലെവൽ എടുത്തു. റീടെയ്നിംഗ് വാളിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 9 | പേരയം ഗ്രാമ പഞ്ചായത്തിലെ കാരിക്കുഴി മാപ്പിളപൊയ്ക അധികാരി പൊയ്ക റോഡ് | ജി. ഒ (ആർ.റ്റി) നമ്പർ 106/2020/എഫ് & പി.ഡി തീയതി 27.02.2020 88 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു കരാറിലേർപ്പെട്ട് ഇനിഷ്യൽ ലെവൽ എടുത്തു. റീടെയ്നിംഗ് വാളിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 10 | ക്രിസ്തുരാജ ജംഗ്ഷൻ - സിറാമിക്സ് – പൂക്കോലിക്കൽ നീരൊഴുക്ക് വിള റോഡ് | ജി ഒ (ആർ.റ്റി) നമ്പർ 106/2020/എഫ് & പി.ഡി തീയതി 27.02.2020 195 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. റീടെയ്നിംഗ് വാളിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 11 | പെരിനാട് ഗ്രാമ പഞ്ചായത്തിലെ ഇഞ്ചയിൽ പോളച്ചിറ റോഡ് | ജി ഒ (ആർ.റ്റി) നമ്പർ 133/2020/എഫ് & പി.ഡി തീയതി 04.03.2020 90 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു കരാറിലേർപ്പെട്ട് ഇനിഷ്യൽ ലെവൽ എടുത്തു. റീടെയ്നിംഗ് വാളിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| **2020-21** | | | |
| 12 | കൊറ്റങ്കര പഞ്ചായത്തിലെ മാന്നൂർമുക്ക് പേരൂർ ടെമ്പിൾ തെക്കേടത്തു റോഡ് | ജി ഒ (ആർ.റ്റി) നമ്പർ 275/2020/എഫ് & പി.ഡി തീയതി 22.05.2020 75.9 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു ഇന്റർലോക്ക് പ്രവൃത്തി പുരോഗമിക്കുന്നു. |
| 13 | പേരയം ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 4, 5 ൽ ഉൾപ്പെട്ട കുമ്പളം ബസ് സ്റ്റാന്റ് മൂപ്പൻതൊടിപൊയ്ക റോഡ് | ജി ഒ (ആർ.റ്റി) നമ്പർ 492/2020/എഫ് & പി.ഡി തീയതി 08.09.2020 22.8 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |
| 14 | പേരയം ഗ്രാമ പഞ്ചായത്തിലെ കാരിക്കുഴിപള്ളി കുമ്പളം പക്രാസ് വൈദ്യൻ ജംഗ്ഷൻ റോഡ് | ജി ഒ (ആർ.റ്റി) നമ്പർ 491/2020/എഫ് & പി.ഡി തീയതി 07.09.2020 33.3 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. |
| 15 | സ്റ്റീൽ വയർ പ്ലാന്റ് പനയം കോഡ് അഞ്ചേരിയില കിളത്തട്ടുവിള കാവുതെങ്കായം റോഡ് | ജി ഒ (ആർ.റ്റി) നമ്പർ 491/2020/എഫ് & പി.ഡി തീയതി 07.09.2020 166.50 ലക്ഷം | എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്. Main road സ്ഥല തർക്കം മൂലം പ്രവൃത്തി ആരംഭിച്ചിട്ടില്ല. Bye road റീടെയ്നിംഗ് വാളിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| 16 | മതിനൂർ മാങ്കുഴി റോഡ് പെരിനാട് ഗ്രാമപഞ്ചായത്ത് | ജി ഒ (ആർ.റ്റി) നമ്പർ 491/2020/എഫ് & പി.ഡി തീയതി 07.09.2020<br>52.4 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു<br>ഇനിഷ്യൽ ലെവൽ എടുത്തു.<br>റീടെയ്നിംഗ് വാളിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 17 | മാമൂട് വായനശാല റോഡ് കൊറ്റങ്കര ഗ്രാമപഞ്ചായത്ത് | ജി ഒ (ആർ.റ്റി) നമ്പർ 517/2020/എഫ് & പി.ഡി തീയതി 17.09.2020<br>175 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു<br>ഇനിഷ്യൽ ലെവൽ എടുത്തു. |
| 18 | റേഡിയോ ജംഗ്ഷൻ കൊച്ചാലുമൂട് ജംഗ്ഷൻ റോഡ് ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | ജി ഒ (ആർ.റ്റി) നമ്പർ 529/2020/എഫ് & പി.ഡി തീയതി 27.09.2020<br>108.6 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു.<br>ഡ്രെയിൻ പ്രവൃത്തി പുരോഗമിക്കുന്നു. |
| 19 | കാപ്പെക്സ് ജംഗ്ഷൻ കുമ്പേലിൽ കുഴിയം വഞ്ചിമുക്ക് ജംഗ്ഷൻ റോഡ് | ഇഇ/കെ.എൽ.എം/ 2019/1069<br>41.6 ലക്ഷം | ഇനിഷ്യൽ ലെവൽ എടുത്തു. |